(ബി) ആവശ്യമായ ഭൂമി ബന്ധപ്പെട്ട പഞ്ചായത്തുകൾ ലഭ്യമാക്കുകയാണെങ്കിൽ വീതികൂട്ടി മെച്ചപ്പെടുത്തുന്ന പണി ആരംഭിക്കുന്നതിന് ഏകദേശം ഒരുകൊല്ലം വേണ്ടിവരും, അതിനാൽ എപ്പോൾ പൂർത്തിയാകുമെന്ന് പറയാൻ ഇപ്പോൾ നിർവാഹമില്ല.

പുത്തൻ–പാലം കള്ളാട്ടിപ്പുറം റോഡിന്റെയും കള്ളാട്ടിപ്പുറം ഹരിജൻ കോളനി റോഡിന്റെയും പ്രവർത്തനം

929 [1703] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുത്തൻപാലം–കള്ളാട്ടിപ്പുറം റോഡിന്റെയും കള്ളാട്ടിപ്പുറം–ഹരിജൻ കോളനി റോഡിന്റെയും പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിൽ ഇരിക്കുന്നു.

(ബി) ഇതിന്റെ ഏതിന്റെയെങ്കിലും ടെണ്ടർ ആയിക്കഴിഞ്ഞോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസം എന്തെന്നു വ്യക്തമാക്കുമോ ;

(ഡി) ഉടനെതന്നെ ഈ ജോലികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആൻഡ് ബി) പുത്തൻപാലം കള്ളാട്ടിപ്പുറം–റോഡിന്റെ എസ്റ്റിമേറ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. കള്ളാട്ടിപ്പുറം–വാടയാർ ഹരിജൻ കോളനി റോഡിന്റെ ടെൻഡർ ക്ഷണിച്ചുകഴിഞ്ഞു.

(സി) ചോദ്യമുദിക്കുന്നില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര സബ്ഡിവിഷന്റെ കീഴിലുള്ള കുന്നത്തുകാൽ സെക്ഷനിലെ റോഡുകൾ

930 [1704] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര സബ് ഡിവിഷന്റെ കീഴിലുള്ള കുന്നത്തുകാൽ സെക്ഷനിൽ ആകെ എത്ര കിലോമീറ്റർ റോഡുകളുണ്ട്;

(ബി) പി.ഡബ്ലിയു.ഡി. ഏറ്റെടുക്കുന്നതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ കൂടെ ഉൾപ്പെടുത്തുമ്പോൾ ദൈർഘ്യം എത്രയാകും;

(സി) കള്ളിക്കാട്, ഒറശേഖരമംഗലം, അമ്പൂരി, വെള്ളറട എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തി കൊട്ടപ്പനമൂട് കേന്ദ്രമാക്കി ഒരു സെക്ഷൻ ആഫീസ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly